# 13-ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:207** — **17.06.2014-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി. യു. കുരുവിള | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളെ കുറിച്ചുള്ള വിശദവിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (ബി) കെൽട്രോൺ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ കൂടുതൽ നവീകരണ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) കെൽട്രോൺ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് പ്രധാനമായും ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള സ്വീകരിച്ച് വരുന്ന നടപടികളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി അവയുടെ പ്രവർത്തനം വകുപ്പ് തലത്തിൽ RIAB-മുഖേന അവലോകനം ചെയ്തുവരുന്നുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ പ്രവർത്തനം മോശമാകുന്ന സ്ഥാപനങ്ങളെ വ്യവസായ വകുപ്പ് സെക്രട്ടറി തലത്തിലും ബഹു. വ്യവസായ വകുപ്പ് മന്ത്രി തലത്തിലും പ്രത്യേകമായി വിശദമായ അവലോകനം നടത്തി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നീ നടപടികളാണ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്നത്. ഇ–പേയ്മെൻറ് സംവിധാനത്തോടുകൂടിയ ഇ–പ്രൊക്യൂർമെൻറ്, ഇ–ഗവേണൻസിൻെറ ഭാഗമായി ഇ.ആർ.പി സംവിധാനം, പാരമ്പര്യേതര ഊർജ്ജ ഉപഭോഗം വ്യാപിപ്പിക്കൽ എന്നീ നടപടികളും സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചുവരുന്നു. സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്ഥാപനങ്ങൾ പ്രത്യേകമായ ഊന്നൽ നൽകിവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളിലെ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശാസ്ത്രീയ നൂതന പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ലാഭകരമാക്കുന്നതിൻെറ ഭാഗമായി അവയുടെ നഷ്ടത്തിൻെറ അടിസ്ഥാനപ്രശ്നം പരിഹരിക്കുന്നതിനുള്ള ദീർഘ / ഹ്രസ്വ കാല പദ്ധതികൾ സർക്കാരിൻെറ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ നടപടികൾക്കായി കഴിഞ്ഞ മൂന്നു വർഷമായി 563.67 കോടി രൂപ യുടെ സാമ്പത്തിക സഹായവും കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പൊതുമേഖലാസ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾക്കായി 100 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിന് വേണ്ടി ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

- കേന്ദ്ര സർക്കാരിൻെറ ഇലക്ട്രോണിക്ക് മാനുഫാക്ച്ചറിങ്ങ് പോളിസിയുടെ ചുവടു പിടിച്ച് കെൽട്രോണിൻെറയും അനുബന്ധ യൂണിറ്റുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കെൽട്രോണിൻെറ ഉൽപന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിൻെറ ഭാഗമായി സോണാർ അറെ, സോളാർ പവർ കണ്ടീഷനിങ്ങ് യൂണിറ്റ്, ജി.പി.എസ്.ഡിവൈസ്, ഡിജിറ്റൽ സെറ്റ് റ്റോപ്പ് ബോക്സ് എന്നിവയുടെ ഉൽപാദനം ആരംഭിക്കുന്നതാണ്. കെൽട്രോണിൽ VSSC-യുടെ സാമ്പത്തിക സഹായത്തോടുകൂടി "എയറോസ്പേയ്സ് മാനുഫാക്ചറിംങ് ഫെസിലിറ്റി" പദ്ധതിയും നടപ്പാക്കുന്നതാണ്. കേരള സർക്കാരിൻെറ ഇ-സാക്ഷരതാ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളെ അതിനൂതന സാങ്കേതിക വിദ്യകളിൽ പ്രാവീണ്യമുള്ളവരാക്കാൻ കെൽട്രോണും ഇൻറൽ ടെക്നോളജി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡുമായി ധാരണയായി. ഇതിൻെറ ഭാഗമായി ആധുനിക ടാബ്ലറ്റുകൾ ഉൾപ്പെടെ ഇൻറലിൻെറ വിവിധ ഡിസൈനിലുള്ള കംപ്യൂട്ടറുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സഹായവും കെൽട്രോൺ നിർമ്മിക്കുന്ന കംപ്യൂട്ടർ ഉൽപ്പന്നങ്ങൾക്ക് വിപണികണ്ടെത്തുന്നതിനും ഈ സഹകരണം മുഖേന സാധ്യമാകും. കെൽട്രോണിൻെറ യൂണിറ്റായ കണ്ണൂരിലെ കംപോണൻറ് കോംപ്ലക്സിൻെറ ഉൽപ്പന്നവിപുലീകരണത്തിൻെറ ഭാഗമായി High CV Value Capacitor-ൻെറയും, Motor Run Capacitor-ൻെറയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വി.എസ്.എസ്.സി യുമായി ചേർന്നുള്ള എയറോസ്പേസ് പദ്ധതിയ്ക്കായും, എയറോസ്പേസ് സംബന്ധമായ പദ്ധതികളുടെ മാനുഫാക്ചറിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും 16 കോടിരൂപ 2011-12, 2013-14 എന്നീ വർഷങ്ങളിലായി നൽകിയിട്ടുണ്ട്. കെൽട്രോൺ കമ്പോണൻറ് കോപ്ലക്സിൽ ഉൽപ്പാദന വിപുലീകരണ പ്രവർത്തനങ്ങൾക്കായി 2012-13ൽ 395 ലക്ഷം രൂപയും, 2013-14ൽ 530 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

- കെല്ലിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി എടരിക്കോട് കാസ്റ്റ് റിസൈൻ ട്രാൻസ്ഫോർമറിൻെറയും മാമല യൂണിറ്റിൽ പവർ ട്രാൻസ്ഫോർമറിൻെറയും ഉൽപാദനം ആരംഭിക്കുന്നതാണ്.
- കേന്ദ്ര സർക്കാരിൻെറ ഗവേഷണ സ്ഥാപനമായ CSIO ( Central Scientific Instruments Organisation ) യിൽ നിന്ന് സാങ്കേതിക വിദ്യ . കൈമാറ്റത്തിലൂടെ കൊല്ലം മീറ്റർ കമ്പനി സ്മാർട്ട് മീറ്റർ ഉൽപാദിപ്പിക്കുന്ന പദ്ധതിയും, കേരളാ വാട്ടർ അതോറിറ്റിക്ക് ആവശ്യമായ വാട്ടർ മീറ്ററുകളുടെ (Double Jet) ഉത്പാദനവും ആരംഭിക്കുന്നതാണ്.
- സെയിലുമായി സംയുക്ത സംരഭത്തിലുള്ള കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിൽ 65 കോടി രൂപയുടെ സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതാണ്.
- കുണ്ടറ സിറാമിക്സിൻെറ ആധുനിക വത്കരണത്തിൻെറ ഭാഗമായി 28.74 കോടി രൂപയുടെ പദ്ധതി നടപ്പാക്കും.
- ആഗോളതലത്തിൽ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ തകർച്ച മറികടക്കുന്നതിനും മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 60 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടുകൂടി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. ടെക്സ്റ്റൈൽ / പരമ്പരാഗത മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ സർക്കാരിൻെറ ധനസഹായത്തോടു കൂടി നടപ്പിലാക്കും.
- ട്രാക്കോ കേബിൾ കമ്പനിയുടെ ആധുനികവൽകരണത്തിൻെറ ഭാഗമായി തിരുവല്ലാ യുണിറ്റിൽ XLPE കേബിളിൻെറ ഉൽപാദനവും, ഇരുമ്പനം യൂണിറ്റിൽ പേപ്പർ ഇൻസുലേറ്റഡ് കണ്ടക്ടറിൻെറയും ഉൽപാദനവും ഇനാമലിംങ് പ്ലാൻറും സ്ഥാപിക്കുന്നതാണ്.
- കെ.എസ്.ഡി.പിയിൽ നോൺ ബീറ്റാലാക്ടം പ്ലാൻറ്, NABL അക്രഡിറ്റഡ് ലാബ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.
- മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ വൈവിധ്യ വത്കരിക്കുന്നതിൻെറ ഭാഗമായി ഫോർജിംഗ് മെഷീൻ സ്ഥാപിക്കുന്നതാണ്.
- ട്രാവൻകൂർ സിമെൻറ്സിൻെറ ഉൽപ്പദന-സാങ്കേതിക വിദ്യ ഉയർത്തുന്നതിൻെറ ഭാഗമായി നിലവിലുള്ള സിമൻറ് മില്ലിനെ Hi-Chrome Liner & Grinding Media ഉള്ള സിമൻറ് മില്ലായി ഉയർത്തുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ